(ഡി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുള്ള മിനിമം മാർക്കിൽ കുറവ് മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയും ഇന്റർവ്യൂവിന് ക്ഷണിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ—ഇ) പി.എസ്.സി.-യിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

ലാബ് കീപ്പർ തസ്തിക ലാബ് അറ്റൻഡർ എന്നാക്കി മാറ്റുന്നതിന് നടപടി

14 [3065] ശ്രീ. റോഷി അഗസ്റ്റിൻ:

„ തോമസ് ചാഴികാടൻ:

„ കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ലാബുകളിലെ ലാബ് കീപ്പർ തസ്തികയിൽ ജോലി നോക്കുന്നവർക്ക് സമാന യോഗ്യതയും ശമ്പളവുമുള്ള മറ്റു ഡിപ്പാർട്ട്മെന്റിലെ ലാബ് അറ്റൻഡർ തസ്തികകളിലേക്ക് ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ നൽകുന്നതിന് തടസ്സമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ലാബ് കീപ്പർ തസ്തിക ലാബ് അറ്റൻഡർ എന്നാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൃഷി വകുപ്പിൽ ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫറിന് ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുന്നുണ്ട്. ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ നൽകേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണ്.

(ബി) ബാധകമല്ല.

(സി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും പരിഗണനയിലില്ല.

നഴ്സറി സ്കൂൾ ടീച്ചർ തസ്തികയുടെ റാങ്ക് ലിസ്റ്റ്

15 [3066] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) പട്ടികജാതി വികസന വിഭാഗത്തിൽ നഴ്സറി സ്കൂൾ ടീച്ചർ തസ്തികയിലേക്ക് കണ്ണൂർ ജില്ലയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ എന്നാണ് ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ചത്; ഈ തസ്തികയിലേക്ക് കണ്ണൂർ ജില്ലയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തസ്തികയിലേക്ക് എത്ര പേരെ നിർദ്ദേശിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) ഈ റാങ്ക് ലിസ്റ്റിൽ അഞ്ചാം നമ്പർ റാങ്കുകാരിയായ ശ്രീമതി തങ്കമണി എ. കെ.-യെ നിയമനത്തിന് ശുപാർശ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവരുടെ നിയമനത്തിനുള്ള തടസ്സം എന്താണ്;

(ഡി) ഈഴവ സമുദായംഗമായ ശ്രീമതി തങ്കമണിക്ക് റിസർവേഷൻ ആനുകൂല്യം ലഭിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ—ഡി) പി.എസ്.സി-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

കംപാഷനേറ്റ് എംപ്ലോയ്മെന്റ് സെല്ലിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

16 [3067] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ കംപാഷനേറ്റ് എംപ്ലോയ്മെന്റ് സെല്ലിൽ ആശ്രിത നിയമനത്തിനുവേണ്ടി അപേക്ഷ നൽകിയ എത്ര ഉദ്യോഗാർത്ഥികൾക്കാണ് ജോലി നൽകാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) വിവിധ വകുപ്പുകളിൽനിന്നും നിശ്ചിത ശതമാനം ഒഴിവുകൾ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ കംപാഷനേറ്റ് എംപ്ലോയ്മെന്റ് സെല്ലിൽ റിപ്പോർട്ട് ചെയ്യണമെന്ന വ്യവസ്ഥ വിവിധ വകുപ്പുകളിൽ പാലിക്കാറുണ്ടോ;

(സി) ഇതു പാലിക്കപ്പെട്ടതായി സർക്കാർ പരിശോധിക്കാറുണ്ടോ

(ഡി) നിശ്ചിത ശതമാനം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകളുണ്ടെങ്കിൽ പ്രസ്തുത വകുപ്പ് മേധാവികളോട് വിശദീകരണം ആവശ്യപ്പെടാറുണ്ടോ;

(ഇ) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ വിവിധ വകുപ്പുകളിലായി എത്ര ഒഴിവുകളാണ് പ്രസ്തുത എംപ്ലോയ്മെന്റ് സെല്ലിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വകുപ്പ് തിരിച്ച് ഒഴിവുകളുടെ എണ്ണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആശ്രിത നിയമനത്തിനുവേണ്ടി സെല്ലിൽ അപേക്ഷ നൽകിയ അഞ്ഞൂറ്റിഇരുപത് (520) പേർക്കാണ് ജോലി നൽകാനുള്ളത്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

(ഇ) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ (2003-04) വിവിധ വകുപ്പുകളിൽനിന്നും നൂറ്റിഎഴുപത്തിനാല് (174) ഒഴിവുകൾ കംപാഷനേറ്റ് എംപ്ലോയ്മെന്റ് സെല്ലിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഒഴിവുകളുടെ വകുപ്പുതിരിച്ചുള്ള വിവരങ്ങൾ താഴെ പറയുന്ന വിധമാണ്:

LIBRARY ARCHIVES Kerala Legislative Assembly